(ഡി) വിദ്യാർത്ഥിയുടെ അപേക്ഷയുടെ മെറിറ്റിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഉത്തരവിലൂടെയാണ് ധനസഹായം അനുവദിച്ചുവരുന്നത്.

നദികളെ മാലിന്യവിമുക്തമാക്കാൻ പദ്ധതികൾ

30 (*390) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. പി. എ. മാധവൻ :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നദികളെ മാലിന്യവിമുക്തമാക്കാൻ എന്തെല്ലാം കർമ്മപദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്; വിശദമാക്കുമോ;

(ബി) ഇതിനായി പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്നകാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) പദ്ധതി രൂപീകരണത്തിന് ഏതെല്ലാം വകുപ്പുകളുടേയും ഏജൻസികളുടേയും സഹകരണമാണ് പ്രയോജനപ്പെടുത്താനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ) 1974-ലെ ജല (മലിനീകരണവും നിയന്ത്രണവും) നിയമംമൂലം വ്യവസായ സ്ഥാപനങ്ങൾ, ആശുപത്രികൾ, ഹോട്ടലുകൾ, റിസോർട്ടുകൾ, ഉത്തുംഗ കെട്ടിടങ്ങൾ തുടങ്ങിയ മലിനീകരണ സാധ്യതയുള്ള എല്ലാ സ്ഥാപനങ്ങളും ജലസ്രോതസ്സുകളിലേയ്ക്ക് പാഴ്ജലം ഒഴുക്കുന്നതിന് മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതിയുടെ പരിധിയിൽ കൊണ്ടുവന്നത് പ്രകാരം പ്രസ്തുത സ്ഥാപനങ്ങളിൽ ശാസ്ത്രീയമായ മലിനജല ശുദ്ധീകരണ സംവിധാനങ്ങൾ ഏർപ്പെടുത്തിയും അതിന്റെ പ്രവർത്തനം ഇടയ്ക്കിടെ മോണിട്ടർ ചെയ്തും ജലമലിനീകരണം നിയന്ത്രിച്ചുവരുന്നു. നദികളിലേയ്ക്ക് വന്നുചേരുന്ന പ്രധാന നീർച്ചാലുകൾ/തോടുകൾ എന്നിവ മാലിന്യം കലരാതെ സംരക്ഷിക്കുന്നതിനുള്ള പ്രവൃത്തികളും നഗരപ്രദേശങ്ങളിലെ മാലിന്യ നിക്ഷേപം തടയുന്നതിനായി സാമ്പത്തിക ലഭ്യതയനുസരിച്ച് കമ്പിവേലി നിർമ്മാണവും ഓരുജലം കയറി നദീജലം മലിനമാകുന്നത് തടയുന്നതിനായി റെഗുലേറ്ററുകൾ നിർമ്മിച്ചും നീരൊഴുക്ക് സ്ഥായിയായി നിലനിർത്തുന്നതിന് ചെക്ക് ഡാമുകൾ നിർമ്മിച്ചും

LIBRARY ARCHIVES Kerala Legislative Assembly

ഫ്ലഷ് ഔട്ട് (ഒഴുക്കിക്കളയൽ) സംവിധാനം നിലവിൽ പമ്പയാറിൽ ഫലപ്രദമായി നടപ്പിലാക്കിയും വർഷകാലത്ത് ഡാമുകളിൽ ശേഖരിച്ചിട്ടുള്ള വെള്ളം തുറന്നുവിട്ട് മാലിന്യങ്ങൾ നദികളിൽ സ്ഥിരമായി കെട്ടിനിൽക്കാതെ സംരക്ഷിക്കാനുമുള്ള പദ്ധതികളും നിലവിൽ നടപ്പാക്കിവരുന്നുണ്ട്.

(ബി) ഉണ്ട്. നദികളെ മാലിന്യവിമുക്തമാക്കുന്നതിന് ബഹുമുഖ പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ആദ്യഘട്ടം എന്ന നിലയിൽ കരമന-കിള്ളി നദികളുടെ മാനേജ്മെന്റ് ആക്ഷൻ പ്ലാൻ RITES എന്ന സ്ഥാപനം വഴി തയ്യാറാക്കിയിട്ടുണ്ട്. നദീമാലിന്യം കുറയ്ക്കുന്നതിനായി ഖരമാലിന്യ സംസ്കരണ പ്ലാന്റുകൾ/അറവുശാലകൾ തുടങ്ങിയവ സ്ഥാപിക്കുന്നതുൾപ്പെടെയുള്ള നിർദ്ദേശങ്ങളാണ് പ്രസ്തുത റിപ്പോർട്ടിലുള്ളത്.

(സി) പദ്ധതി രൂപീകരണത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, പരിസ്ഥിതി-കാലാവസ്ഥാ വ്യതിയാന വകുപ്പ്, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് തുടങ്ങിയവയുടെ സഹകരണം പ്രയോജനപ്പെടുത്താവുന്നതാണ്.

(ഡി) നദികളെ മാലിന്യവിമുക്തമാക്കുന്നതിന് ബഹുമുഖ പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ആദ്യഘട്ടം എന്ന നിലയിൽ കരമന-കിള്ളി നദികളുടെ മാനേജ്മെന്റ് ആക്ഷൻ പ്ലാൻ RITES എന്ന സ്ഥാപനം വഴി തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന് കേന്ദ്ര പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പിന്റെ അംഗീകാരം ലഭിക്കേണ്ടതുണ്ട്.

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

സാന്ത്വന ചികിത്സ

1 (4284) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സാന്ത്വന ചികിത്സാ രംഗത്ത് എന്തെല്ലാം നവീന പദ്ധതികൾ ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നു; വിശദമാക്കാമോ;

(ബി) സാന്ത്വന ചികിത്സയ്ക്ക് ആയുർവ്വേദ/ ഹോമിയോ മരുന്നുകൾ ഫലപ്രദമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) ഹോമിയോ/ആയുർവ്വേദ ചികിത്സാ രീതികൾ സാന്ത്വന ചികിത്സയ്ക്ക് ഫലപ്രദമായി ഉപയോഗിക്കുവാൻ നടപടി സ്വീകരിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly